# കേരള സർവകലാശാല

നം.പി.ആർ.247/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ചരിത്രത്തെ തിരുത്തിയെഴുതാൻ ശ്രമം

ചരിത്രത്തെ തിരുത്തിയെഴുതാനുള്ള ശ്രമമാണ് രാജ്യത്ത് നടക്കുന്നത് എന്ന് ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അഭിപ്രായപ്പെട്ടു. 77-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസുമായി ബന്ധപ്പെട്ട് 'മതേതരത്വവും ആധുനിക ഇന്ത്യയുടെ നിർമ്മിതിയും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി കേരള സർവകലാശാല സെനറ്റ് ഹാളിൽ നടന്ന പൊതു സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മത വർഗ്ഗീയ ശാസനത്തിന്റെ കീഴിൽ ഇന്ത്യയെ കൊണ്ടുവരാൻ ബോധപൂർവവും ചിട്ടയായുമുള്ള ശ്രമമാണ് സംഘപരിവാർ സ്വീകരിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ സംസ്കാരത്തെ ഏകമുഖ ഹൈന്ദവ സംസ്കാരമായി വ്യാഖ്യാനിക്കാനുള്ള ശ്രമവും ശക്തമാണ്. വിദ്യാഭ്യാസ മേഖലയെ കാവിവത്കരിക്കാൻ ശ്രമിക്കുന്നതുവഴി അത്യന്തം അപകടകരമായ അവസ്ഥയിലേക്കാണ് നമ്മുടെ രാജ്യം നീങ്ങുന്നത്. അക്കാഡമിക് സ്ഥാപനങ്ങളിൽ മതനിരപേക്ഷത ചോർത്തി പകരം വർഗ്ഗീയത സ്ഥാപിക്കാനാണ് ശ്രമിച്ചുവരുന്നതെന്നും ബഹു. മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. സിലബസ് മുതൽ ചരിത്രം വരെ ഉപയോഗിച്ച് പുതിയ തലമുറയുടെ മനസ്സ് വിഷലിപ്തമാക്കുകവഴി ഒരു സാങ്കൽപിക ചരിത്രമാണ് സൃഷ്ടിക്കപ്പെടുന്നത്. ചരിത്രത്തെ പുനർവ്യാഖ്യാനിക്കണമെങ്കിൽ ചരിത്രപരമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ പുതിയ ചരിത്രകാരൻമാർ സ്വമേധയ ചെയ്യേണ്ട പ്രവർത്തിയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ദേശീയത, ജനാധിപത്യം എന്നീ രണ്ട് ഘടകങ്ങളുമായി വളരെയധികം ബന്ധപ്പെട്ട് കിടക്കുന്ന മതേതരത്വം എന്ന ആശയം ആധുനിക ഇന്ത്യയുടെ നിർമ്മിതിയിൽ നിർണ്ണായപങ്കാണ് വഹിച്ചതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പ്രശസ്ത ചരിത്രകാരി പ്രൊഫ. റോമില ഥാപ്പർ അഭിപ്രായപ്പെട്ടു. മഗ്സസെ അവാർഡ് ജേതാവ് ശ്രീ.ടി.എം.കൃഷ്ണ, ആർ.ജി.ഐ.സി.എസ് മേധാവി ഡോ. മോഹൻ ഗോപാൽ, പ്രോ-വൈസ്-ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്ത് സംസാരിച്ചു. സിൻഡിക്കേറ്റംഗം അഡ്വ.എ.എ. റഹീം സ്വാഗതവും സിൻഡിക്കേറ്റംഗം ശ്രീ.കെ.എസ്. ഗോപകുമാർ നന്ദിയും ആശംസിച്ചു.



*അടിക്കുറിപ്പ്:* 77-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസുമായി ബന്ധപ്പെട്ട് 'മതേതരത്വവും ആധുനിക ഇന്ത്യയുടെ നിർമ്മിതിയും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി കേരള സർവകലാശാല സെനറ്റ് ഹാളിൽ നടന്ന പൊതു സെമിനാർ ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു.
*(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്.)*

**പി.ജി പ്രൈവറ്റ് രജിസ്ട്രേഷൻ**

കേരള സർവകലാശാല ബിരുദാനന്തര ബിരുദ പഠനത്തിന് പ്രൈവറ്റ് രജിസ്ട്രേഷൻ (2016-17) സൗകര്യം ഏർപ്പെടുത്തിക്കൊണ്ടുള്ള വിശദമായ വിജ്ഞാപനം ഫീസ് ഘടന സംബന്ധിച്ച കാര്യത്തിൽ തീരുമാനമായതിന് ശേഷം പുറപ്പെടുവിക്കുന്നതായിരിക്കും.

**എം.എഫ്.എ (സ്കൾപ്ച്ചർ) പ്രാക്ടിക്കൽ**

കേരള സർവകലാശാല 2017 ജനുവരി മൂന്നിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഫ്.എ (സ്കൾപ്ച്ചർ) പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**ബി.എസ്.സി/ബി.കോം: സൂക്ഷ്മപരിശോധന**

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്.സി/ബി.കോം. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായും ഓഫ്ലൈനായി അപേക്ഷിച്ചവർ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി ഡിസംബർ 29 മുതൽ 2017 ജനുവരി പത്ത് വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ ഇ.ജെ. II സെക്ഷനിൽ ഹാജരാകണം.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
27.12.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098